പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 7686

15.07.2014 ൽ മറുപടിക്ക്

## ഐ.എ.എസ്-കാർക്കിടയിലെ പരാതികൾ

ചോദ്യം: ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ഇ. പി. ജയരാജൻ
ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീ. കെ. ദാസൻ.

ഉത്തരം : ശ്രീ. ഉമ്മൻ ചാണ്ടി
ബഹു.മുഖ്യമന്ത്രി

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) സംസ്ഥാന ഭരണനിർവ്വഹണത്തിന്റെ ചുക്കാൻ പിടിക്കുന്ന ഐ.എ.എസുകാർക്കിടയിലെ പ്രശ്നങ്ങളും പരാതികളും പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ)&(ബി) അത്തരത്തിൽ ഒരു പരാതിയും ലഭിച്ചിട്ടില്ല. |
| (ബി) എട്ട് ഐ.എ.എസു-കാർ ഐ.എ.എസ്. അസ്സോസിയേഷന് നൽകിയ പരാതികൾ മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ അവ ഓരോന്നിന്മേലും കൈക്കൊണ്ട നടപടികൾ വിശദമാക്കമോ; | |
| (സി) പ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത നടപടി ഐ.എ.എസ് അസ്സോസിയേഷൻ അംഗീകരിച്ചിട്ടുണ്ടോ; | (സി) ഐ.എ.എസ്. ഓഫീസർമാർക്കിടയിൽ പ്രശ്നങ്ങൾ ഉള്ളതായി വാർത്തകൾ ശ്രദ്ധയിൽ വന്നതിന്റെ അടിസ്ഥാനത്തിൽ പ്രശ്നത്തിന്റെ നിജസ്ഥിതി മനസ്സിലാവാൻ ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ ശ്രീ.കെ.എം.ചന്ദ്രശേഖറെ ചുമതലപ്പെടുത്താൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. |

(ഡി) ഐ.എ.എസ്. അസ്സോസിയേഷന് പരാതി നൽകിയ ആർക്കെങ്കിലുമെതിരെ അന്വേഷണം നടത്താൻ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ടോ; അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(ഡി) സർക്കാരിൽ നിലവിലുള്ള വ്യവസ്ഥാപിത മാർഗ്ഗങ്ങൾ സ്വീകരിക്കാതെ സംസ്ഥാന ചീഫ് സെക്രട്ടറിക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഐ.എ.എസ്. അസ്സോസിയേഷനിൽ നൽകിയതും ദൃശ്യമാധ്യമങ്ങളുമായി പങ്കുവെച്ചതുമായ ഡോ. രാജു നാരായണസ്വാമി ഐ.എ.എസ്സിന്റെ നടപടിയെക്കുറിച്ച് വസ്തുതാപരമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഉന്നത വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. കെ.എം.എബ്രഹാം ഐ.എ.എസ്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഇ) ചീഫ് സെക്രട്ടറിക്കെതിരെ ഉയർന്നു വന്ന ആരോപണങ്ങൾ സംബന്ധിച്ച് ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത്; വിശദമാക്കാമോ; ഏതെല്ലാം ആരോപണങ്ങൾ സംബന്ധിച്ചാണ് അന്വേഷണത്തിന് ഉത്തരവായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഇ) ചീഫ് സെക്രട്ടറിക്കെതിരെ ഇക്കാര്യത്തിൽ അന്വേഷണമൊന്നും ഏർപ്പെടുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ